## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1573 — 18.6.2012 ൽ മറുപടിയ്ക്ക്

## ചികിത്സാ ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) | മുഖ്യമന്ത്രി അനുവദിക്കുന്ന ചികിത്സാ ധനസഹായം എത്ര സമയത്തിനുള്ളിൽ ബന്ധപ്പെട്ട വ്യക്തികൾക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | (എ) | ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഒരു മാസത്തിനകവും, ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും ബന്ധപ്പെട്ട വ്യക്തികൾക്ക് വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എം.എൽ.എ. മാർ മുഖാന്തിരം മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ചികിത്സാ സഹായത്തിനുള്ള അപേക്ഷയിൽ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത് ; വിശദാംശം നൽകുമോ ? | (ബി) | അപേക്ഷയോടൊപ്പം 6 മാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ